മാതൃഭൂമി 2022 ഫെബ്രുവരി 22 • ചൊവ്വാഴ്ച

# ആധുനികീകരണത്തിലൂടെ മാത്രമേ കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാനാകൂ-മന്ത്രി രാജീവ്

**കൊട്ടിയം** ▶ തൊഴിലും ജീവിതമാർഗവും സംരക്ഷിച്ച് നടപ്പാക്കുന്ന ആധുനികീകരണത്തിലൂടെ മാത്രമേ കശുവണ്ടിവ്യവസായത്തെ സംരക്ഷിക്കാൻ കഴിയുകയുള്ളെന്ന് മന്ത്രി പി.രാജീവ്. കാഷ്യൂ ഡെവലപ്പ്മെൻറ കോർപ്പറേഷനിലെയും കാപ്പെക്സ് ഫാക്ടറികളിലെയും തൊഴിലാളികൾക്ക് 2017 മുതൽ 2021 വരെയുള്ള ഗ്രാറ്റ്വിറ്റി വിതരണംചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ഭീമമായ ഉത്പാദനച്ചെലവാണ് വ്യവസായം നേരിടുന്ന പ്രതിസന്ധി. അതിനുകാരണം പഴയകാലംമുതൽ തുടരുന്ന നടപടിക്രമങ്ങളും സംസ്കരണരീതികളുമാണ്. കൂടുതൽ മൂല്യവർധിത ഉത്പന്നങ്ങളിലേക്ക് കടന്നാൽ മാത്രമേ വ്യവസായം ലാഭകരമാക്കാനാകൂ. കശുമാങ്ങയിൽനിന്ന് വിദേശമദ്യം ഉണ്ടാക്കുന്നതിനുള്ള ആലോചനയിലാണ് സർക്കാർ. 41 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുള്ള പദ്ധതികളാണ് സർക്കാരിനുള്ളത്. കശുവണ്ടിത്തൊഴിലാളികൾക്കും വിരമിക്കുമ്പോൾത്തന്നെ ഗ്രാറ്റ്വിറ്റി നൽകാൻ കഴിയുന്നവിധം ഈ മേഖലയെ സർക്കാർ കൈപിടിച്ചുയർത്തും.

സ്വകാര്യ വ്യവസായികളെ മേഖലയിൽ പിടിച്ചുനിർത്തുന്നതിന് 500 കോടി രൂപ ബാങ്കുകൾ എഴുതിത്തള്ളുന്ന പാക്കേജിന് രൂപംനൽകിയിട്ടുണ്ട്. എതാനും ബാങ്കുകൾകൂടി സഹകരിച്ചാൽ ഇതും പ്രായോഗികമാകുമെന്നും മന്ത്രി പറഞ്ഞു. ആറുവർഷത്തിനുള്ളിൽ 10 വർഷത്തെ ഗ്രാറ്റ്വിറ്റി നൽകിയത് ചരിത്രസംഭവമാണെന്ന് ചടങ്ങിൽ അധ്യക്ഷനായ ധനമന്ത്രി കെ.എൻ.ബാലഗോപാൽ പറഞ്ഞു.